# ഇസ്ലാമിലെ ഇബാദത്തും അനുസരണമില്ലാത്ത ജമാഅത്തും

അൻവർ അബൂബക്കർ

ക്വുർആനിന്റെ അവതരണവേളയിൽ അനിസ്‌ലാമിക സമൂഹത്തിൽ ഇബാദത്, ഇലാഹ്, റബ്ബ്, ദീൻ എന്നീ പദങ്ങൾക്ക് പ്രചാരത്തിലുണ്ടായിരുന്ന അർത്ഥങ്ങൾ, പിന്നീട് ഇസ്‌ലാമിക സമൂഹത്തിൽ ജനിച്ചുവളർന്നവരെ സംബന്ധിച്ചിടത്തത്തോളം അവശേഷിക്കാതിരിക്കുകയും, പിൽക്കാലത്തുവന്ന ഭാഷാകൃതികളും വ്യാഖ്യാന ഗ്രന്ഥങ്ങളും ഈ ക്വുർആനിക പദങ്ങളെ അവയുടെ മൗലികമായ ഭാഷാർത്ഥങ്ങൾക്കുപകരം അന്ന് മുസ്‌ലിംകൾ മനസിലാക്കിയിരുന്ന അർത്ഥങ്ങളിൽ വിശദീകരിച്ചുതുടങ്ങി[1] എന്നിങ്ങനെയുള്ള മൗദൂദിയുടെ അയഥാർത്ഥമായ വിശദീകരണങ്ങൾ ചിലർ കണ്ണടച്ചു വിഴുങ്ങുകയും പിന്നെ അത് പ്രചരിപ്പിക്കാൻ ശ്രമിക്കുയും ചെയ്തതുകൊണ്ടാണ് വാസ്തവത്തിൽ ഇസ്‌ലാമിലെ ഇബാദത്തും അതിന്റെ അർത്ഥവും സംബന്ധിച്ച ഒരു വിവാദം ഇസ്‌ലാമിക പ്രബോധകർക്കിടയിൽ ഉത്ഭവിക്കാനുണ്ടായ കാരണം. അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതർക്കു നേരെയുള്ള മൗദൂദിയുടെ ഈ ആരോപണം തത്വത്തിൽ പ്രവാചക പ്രബോധനങ്ങൾക്കു നെരെയുള്ള കടന്നാക്രമണമാണ്. ദീനിന് കേടുപാടുകൾ സംഭവിക്കുമ്പോൾ അത് നേരെയാക്കുവാനായി ഒരോ നൂറ്റാണ്ടിലും ഒരു പരിഷ്കർത്താവിനെ അല്ലാഹു നിയോഗിക്കും എന്ന പ്രവാചകന്റെ മുന്നറിയിപ്പിന് വിരുദ്ധമാണ് മൗദൂദിയുടെ പ്രസ്തുത കണ്ടെത്തൽ. ക്വുർആനിനോടും തിരുസുന്നത്തിനോടും കലവറയില്ലാത്ത സ്നേഹമുള്ള മുജാഹിദുകൾക്ക് കണ്ടില്ലെന്ന നടിക്കാൻ കഴിയുന്ന ഒന്നല്ല ഇത്. ഇസ്‌ലാമിനെ നെഞ്ചോട് ചേർത്ത, സലഫുകളുടെ ആദർശത്തെ ജീവനേക്കാൾ ഉപരി സ്നേഹിച്ച, വാക്കിലും പ്രവൃത്തിയിലും ലക്ഷ്യത്തിലും സജീവത കൈവരിച്ച സലഫി പ്രബോധകൻമാർ ഇത്തരം അപകടകാരികളെ അതിന്റെ തുടക്കം മുതലേ ഖണ്ഡിച്ചുവന്നതും അതുകൊണ്ടാണ്.

ഇസ്‌ലാമിന്റെ പേരിൽ ആഗോളതലത്തിൽത്തന്നെ രൂപംകൊണ്ട പലപ്പോഴും തീവ്രവാദം എന്നൊക്കെ വിശേഷിപ്പിക്കുന്ന സകല അപശബ്ദങ്ങളുടെയും വേരു തേടി പോയാൽ ഒരു യഥാർത്ഥ അന്വോഷകൻ ചെന്നെത്തുന്നത് സാക്ഷാൽ അബുൽ അഅ്ലാ മൗദൂദി ഇബാദത്ത് എന്ന പദത്തിന് നൽകിയ വ്യാഖ്യാനങ്ങളിലേക്കായിരിക്കും. ഇബാദത്തിന് കൊടുത്ത 'അനുസരണം + അടിമവേല + ആരാധന' എന്ന ത്രിയേകാർത്ഥം മൗദൂദിയൻ ദുർവ്യാഖ്യാന മാണ്. അതുവഴി ദീനിനെ രാഷ്ട്രീയവത്കരിക്കുക കൂടി ചെയ്ത മൗദൂദിയുടെ നിഗൂഢ ലക്ഷ്യം അത്ര നിസ്സാരമായി എഴുതിത്തള്ളാൻ കഴിയുന്ന ഒന്നല്ല. അതിന്റെ അപകടം എത്രമാത്രമാണെന്ന് വിളിച്ച് പറയുന്ന ഒരു പരികല്പനയാണ് താഴെയുള്ള വരികൾ:

"നിങ്ങൾ ഏതെങ്കിലുമൊരാളെ വിധികർത്താവായി സമ്മതിച്ച് അയാളുടെ അടിമത്തം സ്വീകരിക്കുമ്പോൾ വാസ്തവത്തിൽ നിങ്ങളയാളുടെ 'ദീനിൽ' പ്രവേശിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ സമ്മതിച്ച വിധികർത്താവ് അല്ലാഹു ആണെങ്കിൽ അല്ലാഹുവിന്റെ 'ദീനിൽ' പ്രവേശിച്ചു: ഇനി ഒരു രാജാവിനെയാണ് വിധികർത്താവായി സ്വീകരിച്ചതെങ്കിൽ രാജാവിന്റെ 'ദീനിൽ'

---

[1] അബുൽ അഅ്ലാ മൗദൂദി, ക്വുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ, പേജ് 13

പ്രവേശിച്ചു: ഒരു പ്രത്യേക സമുദായത്തെയാണെങ്കിൽ ആ സമുദായത്തിന്റെ ദീനിലാണ് നിങ്ങൾ പ്രവേശിച്ചത്. ഇനി സ്വന്തം സമുദായത്തിന്റേയോ സ്വദേശക്കാരുടേയോ ഭൂരിപക്ഷത്തെയാണ് വിധികർത്താവായി സ്വീകരിക്കുന്നതെങ്കിൽ ആ ഭൂരിപക്ഷത്തിന്റെ 'ദീനിൽ' പ്രവേശിച്ചു. ചുരുക്കത്തിൽ, ആരെ 'അനുസരിക്കുക' എന്ന 'മാല' നിങ്ങൾ കഴുത്തിലിടുന്നുവോ യഥാർത്ഥത്തിൽ അവരുടെ 'ദീനി'ലായിരിക്കും നിങ്ങൾ: ആരുടെ നിയമമനുസരിച്ചു പ്രവർത്തിക്കുന്നുവോ, അവർക്കായിരിക്കും വാസ്തവത്തിൽ നിങ്ങൾ ഇബാദത്തു ചെയ്യുന്നത്."[2]

അനിസ്ലാമിക ഭരണകൂടത്തിന് കീഴൊതുങ്ങി ജീവിക്കുന്നത് ശിർക്കാണെന്ന പ്രചാരണം വഴി ഒരു രാഷ്ട്രീയ വിപ്ലവം ഉണ്ടാക്കിയെടുത്ത് നിലവിലുള്ള വ്യവസ്ഥയെ തകർക്കുകയും, അതുവഴി തീർത്തും അട്ടിമറിയിലൂടെ ഒരു 'ഇസ്ലാമിക രാഷ്ട്രം' സ്ഥാപിക്കുക എന്നതു മാത്രമായിരുന്നു മൗദൂദിയുടെ വഴിതെറ്റിക്കുന്ന ഓരോ രചകളുടെയും മുഖ്യമായ ഉന്നം. അതേ ലക്ഷ്യത്തിലേക്കുള്ള മാർഗമായിട്ടാണ് ഇബാദത്ത് പോലെയുള്ള ഇസ്ലാമിലെ സാങ്കേതിക ശബ്ദങ്ങളെ മൗദൂദി തന്റെ ബുദ്ധിക്കത്തിക്ക് ഇരയാക്കിയതും. എന്നാൽ, ലോകത്തിന് മുഴുവൻ കാരുണ്യമായികൊണ്ട് അല്ലാഹു നിയോഗിച്ച അവന്റെ പ്രവാചക(സ)നോ, അല്ലാഹു തൃപ്തിപ്പെട്ടു എന്ന പ്രശംസാപത്രം ഈ ദുനിയാവിൽ വെച്ചു തന്നെ നേടിയെടുക്കാൻ സൗഭാഗ്യം ലഭിച്ച ആ പ്രവാചക(സ)ന്റെ അനുചരൻമാർക്കോ പരിചിതമായ മാർഗ്ഗോപദേശമല്ലായിരുന്നു മൗദൂദിയുടെ ഇത്തരം അധ്യാപനങ്ങൾ. അതുകൊണ്ടായിരുന്നു, അറബിയിൽ മതിയാംവണ്ണം ഗ്രാഹ്യമുള്ള പണ്ഡിതൻമാർ അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ടതായ ഇബാദത്ത് എന്ന പദത്തിന് അനുസരണം എന്ന അർത്ഥം കൊടുക്കാവുന്നതല്ല എന്ന് ആവർത്തിച്ചഭിപ്രായപ്പെട്ടത്. അതേയവസരത്തിൽതന്നെ മൗദൂദികൾ പുതുതായി തിരികൊളുത്തിയ ശിർക്കാരോപണത്തിന്റെ അപകടത്തെ കുറിച്ച് മുജാഹിദുകൾ മുസ്ലിം കൈരളിയെ ആകുവോളം ഉത്ബുദ്ധരാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അക്കാരണത്താൽ മൗദൂദികൾക്ക് പിന്നീട് താഴെകാണുംവിധം എഴുതേണ്ടതായും വന്നു:

"ശിർക്കിന് ചില വകഭേദങ്ങളൊക്കെയുണ്ടെങ്കിലും നിരുപാധികം, സോപാധികം, നിർബന്ധിതം എന്നൊന്നുമുള്ള വിഭജനമില്ല. എന്നാൽ, അനുസരണത്തിൽ നിരുപാധികവും സോപാധികവും നിർബന്ധിതവും ഒക്കെയുണ്ട്. അനുസരണം ശിർക്കിന്റെ പര്യായവുമല്ല. ഏതു രീതിയിലുള്ള അനുസരണമാണ് ശിർക്കുമായി ബന്ധപ്പെടുന്നതെന്ന് മുൻ ചോദ്യത്തിന്റെ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അല്ലാഹു ഒന്നിലധികമുണ്ട്, അല്ലെങ്കിൽ അല്ലാഹുവിന് ചില പങ്കാളികളുണ്ട്, അതുമല്ലെങ്കിൽ അല്ലാഹുവിന്റേതു മാത്രമായ ചില അധികാരങ്ങളും കഴിവുകളും വേറെ ചിലർക്കു കൂടിയുണ്ട് എന്ന് വിശ്വസിക്കലും ആ വിശ്വാസമനുസരിച്ച് പ്രവർത്തിക്കലുമാണ് ശിർക്ക്. ഒരു താഗൂത്തീ വ്യവസ്ഥക്കു കീഴിൽ ജീവിക്കേണ്ടിവരുന്ന മുസ്ലിംകൾ ആ വ്യവസ്ഥയോട് എന്തു സമീപനം സ്വീകരിക്കണമെന്ന് വിശുദ്ധ ഖുർആനോ തിരുസുന്നത്തോ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. അതിനാൽ, അത് ഒരു ഇജ്തിഹാദിയായ പ്രശ്നമാണ്."[3]

അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ട ഒരു സംഗതിയാണ് ഇബാദത്ത്, അത് അല്ലാഹു അല്ലാത്തവർക്ക് സമർപ്പിച്ചാൽ ശിർക്കായിട്ടാണ് പരിണമിക്കുക. ക്വുർആനിലും സുന്നത്തിലും പലയിടങ്ങളിലായി വിശദീകരിക്കപ്പെട്ട ഈ ഇബാദത്ത്-ശിർക്ക് പോലെയുള്ള ഇസ്ലാമിക സംജ്ഞകൾ ഒരിക്കലും തന്നെ ഇജ്തിഹാദിയായ പ്രശ്നമല്ല. മൗദൂദിയുടെ ശിക്ഷണങ്ങളിൽ എവിടെയുംതന്നെ അനുസരണത്തിന് നിരുപാധികം സോപാധികം എന്ന ഒരു ഇലാസ്റ്റിക് പ്രതിച്ഛായ കാണാനും കഴിയുകയില്ല. മാത്രവുമല്ല, അനിസ്ലാമിക രാജ്യത്ത് എങ്ങനെ ജീവിക്കാൻ കഴിയുമെന്നും ഏതൊക്കെ രൂപത്തിൽ അവരുമായി സഹകരിക്കാൻ കഴിയും എന്നതിനൊക്കയുള്ള കൃത്യമായ ഉദാഹരണം പരിശുദ്ധ ക്വുർആൻ യൂസുഫ് നബി(അ)യുടെ ചരിത്രത്തിലൂടെ വരച്ചുകാണിക്കുന്നുണ്ട്. ക്വുർആനിലെ 12-ാം അദ്ധ്യായമായ സൂറഃ യൂസുഫ് അതുകൊണ്ട് തന്നെ മൗദൂദികൾക്ക് വലിയ തലവേദനയാണ്; അതിലെ മിക്ക സൂക്തങ്ങളും

---

[2] അബുൽ അഅ്ലാ മൗദൂദി, ഖുതുബാത്ത്, ജിഹാദ്

[3] ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 107

മൗദൂദിയുടെ കരങ്ങളാൽ ദുർവ്യാഖ്യാനിക്കപ്പെട്ടവയാണ്. ഈ വസ്തുതകളെല്ലാം മുൻനിർത്തി പരിശോധിച്ചാൽ ടി.കെ. ഉബൈദിന്റെ മേൽ വീക്ഷണങ്ങൾ പ്രശ്നങ്ങൾ തന്നെയാണ്; അതിലെ ഓരോ വരികളും തടിതപ്പലിന്റെയും ഉൾവലിയലിന്റെയും ചിത്രമാണ് നമുക്ക് നൽകുന്നത്. വാസ്തവത്തിൽ ജമാഅത്ത് സ്ഥാപകൻ പഠിപ്പിച്ചത്; ഇബാദത്തിന് അനുസരണം എന്നർത്ഥമുണ്ടെന്നും ആയതിനാൽ അനിസ്ലാമിക ഗവൺമെന്റുകളെ അനുസരിക്കുമ്പോൾ അത് അവർക്കുള്ള ഇബാദത്താവുകയും അതുവഴി അയാൾ മുശ്‌രിക്കായി മാറുകയും ചെയ്യും എന്നു തന്നെയാണ്. നിരപരാധികളായ വിശ്വാസികൾക്കിടയിൽ ആശങ്ക വിതച്ചുകൊണ്ട് ഇബാദത്ത് എന്ന പദത്തെ വേണ്ടുവോളം തെറ്റുദ്ധരിപ്പിച്ചതിനു ശേഷം മൗദൂദി അക്കാര്യം എഴുതിയത് കാണുക:

"ഇത്രയും നിങ്ങൾ ഗ്രഹിച്ചു കഴിഞ്ഞാൽ, മനുഷ്യന് ഒരേ അവസരത്തിൽ രണ്ടു 'ദീൻ' ഉണ്ടായിരിക്കുക ഒരു വിധത്തിലും സാദ്ധ്യമല്ലെന്ന പച്ചപ്പരമാർത്ഥവും നിങ്ങൾക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ വിഭിന്ന വിധികർത്താക്കളിൽ ഒരാളെ അനുസരിക്കുവാനേ ഏതു വിധത്തിലും നിങ്ങൾക്ക് സാധിക്കയുള്ളൂ. ഭിന്നമായ നിയമങ്ങളിൽ ഒന്നു മാത്രമേ നിങ്ങളുടെ ജീവിതനിയമമായിത്തീരുക സാദ്ധ്യമാവൂ. വിഭിന്ന ആരാധ്യൻമാരിൽ ഒരുവനെമാത്രം ആരാധിക്കുവാനേ നിങ്ങൾക്ക് സാധിക്കയുള്ളൂ. എന്നാൽ 'വിശ്വാസപരമായി ഒരുത്തനെ വിധികർത്താവായി സ്വീകരിക്കുകയും, ഫലത്തിൽ മറ്റൊരാളെ അനുസരിക്കുകയും ചെയ്യുക, പൂജ ഒരുവന്നും അടിമവൃത്തി മറ്റൊരുവന്നും നിർവ്വഹിക്കുക, ഹൃദയത്തിൽ ഒരു നിയമത്തെക്കുറിച്ച് ഭക്തിയും വിശ്വാസവുമുണ്ടായിരിക്കുകയും ജീവിത ഏർപ്പാടുകളിൽ മറ്റുനിയമമനുസരിച്ച് നടക്കുകയും ചെയ്യുകയെന്നിതുകളും സാദ്ധ്യമാണെ'ന്നു നിങ്ങൾ പറയുന്നപക്ഷം, അതുശരിയാണ്, സാദ്ധ്യമാണ് എന്നു ഞാനും സമ്മതിക്കുന്നു. സാദ്ധ്യമാണെന്നല്ല, അങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. പക്ഷേ, അതിന്നത്രെ 'ശിർക്ക്' എന്നു പേർ പറയുന്നത്."[4]

മുവഹ്ഹിദുകളായ ഒരു കൂട്ടം ആളുകളെ അകാരണമായി ശിർക്ക് ആരോപിക്കുന്ന ഗുരുതരമായ പ്രസ്താവനയാണ് ഇത്. ആദർശം ഒന്നും പ്രത്യക്ഷ സംഭവം അതിന്നു വിരുദ്ധവുമാണെങ്കിൽ പരിഗണനീയമായിട്ടുള്ളത് പ്രത്യക്ഷ സംഭവം തന്നെയായിരിക്കും എന്നും അപ്പോൾ ആദർശത്തിന് തീരെ സ്ഥാനവും വിലയുമുണ്ടായിരിക്കുകയില്ല എന്നും മൗദൂദി തുടർന്ന് തന്റെ ഖുതുബാത്തിലൂടെ പറയുന്നുണ്ട്. അനിസ്ലാമിക ഭരണഘടനയുടെ ഏതു നിലക്കും ഒരാൾ അശ്രയിച്ചാൽ അത് പച്ചയായ ശിർക്കാണെന്നു പഠിപ്പിക്കുവാനാണ് അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടത്. ഈ അധ്യാപനങ്ങളിൽ എവിടെയും നിരുപാധികമോ സോപാധികമോ എന്ന വ്യഖ്യാനത്തിന് പഴുതു കാണുകയില്ല. എന്നിട്ടും രസക്ഷയമുള്ള ഫലിതങ്ങളുമായി മൗദൂദികൾ അതേ വർത്തമാനം ആവർത്തിക്കുകയാണ്. അത് ഇങ്ങിനെ വായിക്കാം:

"കേവലമായ അനുസരണമല്ല, നിരുപാധികമായ അനുസരണമാണ് ഇബാദത്തിന്റെ വിവക്ഷയിൽ ഉൾപ്പെടുന്നതെന്ന് ജമാഅത്തെ ഇസ്ലാമി എല്ലായ്പ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് ദേഹേച്ഛയെയോ പിശാചിനെയോ അനുസരിച്ചാൽ അത് ശിർക്ക്തന്നെ. എന്നാൽ, ധിക്കാരപൂർവമല്ലാതെ തെറ്റുകളും അബദ്ധങ്ങളും ചെയ്താൽ അത് ശിർക്കാവില്ല; കുറ്റമേ ആവൂ. തിന്നരുതെന്ന് അല്ലാഹു കല്പിച്ച പഴം തിന്നുപോയ ആദം ചെയ്തത് തെറ്റായിരുന്നു; ശിർക്കായിരുന്നില്ല. സുജൂദ് ചെയ്യാനുള്ള കല്പന ധിക്കരിച്ച ഇബ്ലീസിന്റെ നടപടി തെറ്റും ശിർക്കുമായിരുന്നു. കാരണം, ആദം അല്ലാഹുവിന്റെ കല്പന ധിക്കരിക്കണമെന്ന് ഉദ്ദേശിച്ചിരുന്നില്ല. ഇബ്ലീസാകട്ടെ ധിക്കാരം തന്നെയായിരുന്നു ഉദ്ദേശിച്ചത് - അതാണ് വ്യത്യാസം. ഇബ്ലീസിന്റെ മനഃസ്ഥിതിയോടെ ആർ തെറ്റു ചെയ്താലും അത് ശിർക്കാവും."[5]

[4] അബുൽ അഅ്ലാ മൗദൂദി, ഖുതുബാത്ത്, ജിഹാദ്

[5] ഒ. അബ്ദുറഹ്മാൻ, ഇസ്ലാം, ഇസ്ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ് 372

ഇസ്‌ലാമിക പ്രമാണങ്ങളെ തെറ്റായി ഉദ്ധരിച്ച് സമൂഹത്തിന് മുമ്പിൽ കുടുങ്ങിയപ്പോൾ, തങ്ങളുടെ ദുർവ്യാഖ്യാനങ്ങളെ ന്യായീകരിച്ചു ന്യായീകരിച്ചു കൂടുതൽ സങ്കീർണതകളിലേക്ക് കടക്കുകയാണ് ഇവർ ചെയ്തത്. ആ ഭാഗം കൂടി ഇവിടെ ചേർത്തു വായിക്കാം:

“തൗഹീദും ഇബാദത്തുമൊക്കെ ആയിത്തീരുന്ന അനുസരണം ഏതാണെന്നും ശിർക്കായിത്തീരുന്ന അനുസരണം ഏതാണെന്നും ആദം ഇബ്‌ലീസ് കഥയിൽ നിന്നുതന്നെ വ്യക്തമാകുന്നതാണ്. അല്ലാഹു ആദമിന്ന് സുജൂദ് ചെയ്യാൻ കൽപിച്ചപ്പോൾ ഇബ്‌ലീസ് അനുസരിച്ചില്ല. അതിന്റെ പേരിലാണ് അവൻ മുശ്‌രിക്കും കാഫിറും ഫാസിഖുമായിത്തീരുകയും സ്വർഗത്തിൽനിന്ന് ആട്ടിയോടിക്കപ്പെടുകയും ചെയ്തത്. അല്ലാതെ ഇബ്‌ലീസ് അല്ലാഹു ഒന്നിലധികമുണ്ടെന്നോ അല്ലാഹു ഇല്ലെന്നോ വാദിച്ചതുകൊണ്ടല്ല. അല്ലാഹു അല്ലാത്ത ആരെയെങ്കിലും ആരാധിച്ചതുകൊണ്ടുമല്ല.”[6]

ഇബാദത്തിന് അനുസരണം എന്ന അർത്ഥം സ്ഥാപിക്കുന്നതിന് വേണ്ടി ജമാഅത്തെ ഇസ്‌ലാമി മനുഷ്യോത്പത്തിയോളം പഴക്കമുള്ള ഒരു ചരിത്രത്തിലാണ് തെറ്റായ നിലക്ക് കൈവെച്ചിട്ടുള്ളത്. പരിശുദ്ധ ക്വുർആനിലൂടെയും അല്ലാഹുവിന്റെ പ്രവാചകനിലൂടെയും ആദം-ഇബ്‌ലീസ് സംഭവം പഠിപ്പിക്കുന്നിടത്ത് അല്ലാഹുവിനെ ധിക്കരിച്ച ഇബ്‌ലീസിന്റെ ചെയ്തിയെ അല്ലാഹുവിൽ പങ്കുചേർക്കുന്ന പ്രവർത്തനമായി (അഥവാ മുശ്‌രിക്കായി) പ്രാമാണികരായ പണ്ഡിതരാരും ഉദ്ധരിച്ചതായി അറിവില്ല. അടിസ്ഥാനമില്ലാത്ത ഈ രൂപത്തിലുള്ള ഓരോ വിശദീകരണത്തിലേക്കും ജമാഅത്തിനെ എത്തിച്ചത്, ഇസ്‌ലാമിക പ്രമാണങ്ങളിൽ വന്ന ഓരോ പദങ്ങളുടെയും വ്യാഖ്യാനവും വ്യാകരണവുമെല്ലാം ശരിയായ സ്രോതസ്സുകളിൽ നിന്ന് പഠിക്കാൻ വിമുഖത കാണിച്ചതിനാലാണ്. ദീനിന്റെ വിഷയങ്ങൾ സ്വീകരിക്കുന്നതിൽ സലഫുകളുടെ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ ഇത്തരം അബദ്ധം പേറി നടക്കേണ്ടുന്ന ഗതികേട് മൗദൂദികൾക്ക് വരില്ലായിരുന്നു. അനുസരണവുമായി ബന്ധുപ്പെട്ടുകൊണ്ട് അമാനി മൗലവി(റഹി) എഴുതിയ താഴെയുള്ള ഭാഗം അതുകൊണ്ടുതന്നെ ഇവിടെ പ്രസക്തമാവുകയാണ്; ഇവ്വിഷയം പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഉപകാരപ്പെടും, തീർച്ച:

“عبادة (ഇബാദത്തി)ന്ന് അർത്ഥം പറയുമ്പോൾ ചില പണ്ഡിതൻമാർ അറബിയിൽ അതിന്ന് طاعة (ത്വാഅത്ത്) എന്ന് പറഞ്ഞു കാണും. ഈ വാക്കിന്ന് ‘അനുസരണം’ എന്നർത്ഥമുണ്ട് താനും. ഇതാണ് ഇക്കൂട്ടർ അതിന് എടുത്തു കാണിക്കാറുള്ള ഒരു പ്രധാന തെളിവ്. വാസ്തവത്തിൽ കൽപന അനുസരിക്കുക എന്ന അർത്ഥത്തിലല്ല അവർ അത് ഉപയോഗിക്കാറുള്ളത്. പുണ്യപ്പെട്ട കാര്യം-അഥവാ സ്വമേധയാ ചെയ്യുന്ന സൽക്കർമ്മം- എന്ന അർത്ഥത്തിലാണ് അവരത് ഉപയോഗിക്കുന്നത്. കൽപന അനുസരിക്കുക- അല്ലെങ്കിൽ നിയമം അനുസരിക്കുക- എന്ന അർത്ഥത്തിലാകുമ്പോൾ അതിന്റെ ക്രിയാരൂപം اطاع (അത്വാഅ) എന്നായിരിക്കും. പുണ്യം ചെയ്യുകയെന്നും സ്വമേധയാ നല്ല കാര്യം ചെയ്യുകയെന്നും അർത്ഥമാകുമ്പോൾ ക്രിയ تطوع (തത്വവ്വഅ) എന്നായിരിക്കും ഉപയോഗിക്കുക പതിവ്. ഐച്ഛികമായ (സുന്നത്ത്) നമസ്കാരം പോലെയുള്ള നിർബന്ധമല്ലാത്ത പുണ്യകർമ്മം ചെയ്യുക എന്നാണ് അതിന്റെ സുപരിചിതമായ അർത്ഥമെന്ന് ഇമാം റാഗിബ് (റ) പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഏതാണ്ട് അത്പോലെ ത്തന്നെ ഖാമൂസ് എന്ന പ്രസിദ്ധ നിഘണ്ടുവിൽ അതിന്റെ കർത്താവ് ഫൈറൂസാബാദി(റ)യും പറഞ്ഞുകാണാം. 2:158ലും, 2:184ലും കാണാവുന്നതുപോലെ تطوع خيرا എന്നു പറയുമ്പോൾ നിർബന്ധമല്ലാത്ത നല്ല കാര്യം സ്വമേധയാ ചെയ്തു എന്നല്ലാതെ -നല്ലതായ അനുസരണം അനുസരിച്ചു എന്ന്- അർത്ഥം വരുന്നതല്ല. ആരും അങ്ങിനെ പറയാറുമില്ല.”[7]

ഏതു വിഷയത്തിലായാലും മനുഷ്യൻ മനുഷ്യനെ ആരാധിക്കുന്നത് നിഷിദ്ധമാണ്, എന്നാൽ ഏതു വിഷയത്തിലായാലും മനുഷ്യൻ മനുഷ്യനെ അനുസരിക്കുന്നത് നിഷിദ്ധമാണ് എന്ന് വകതിരിവുള്ള ആരും പറയുകയില്ല. ഇബാദത്തിന് നിലവിലുള്ള അർത്ഥങ്ങളിൽ അതിന്റെ

---

[6] ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 110

[7] അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ ഫാതിഹയുടെ വ്യാഖ്യാനം

ആശയങ്ങളെല്ലാം ഉൾകൊള്ളുന്ന അനുയോജ്യമായ ഒരു മലയാള പദമില്ല എന്നും, ഇബാദത്തിന്ന് അനുസരണമെന്ന് അതിന്റെ കേവലാശയത്തിൽ അർത്ഥം കൊടുക്കുന്നത് ശരിയല്ല എന്നും ജമാഅത്തെ ഇസ്‌ലാമി അംഗീകരിച്ചിട്ടുള്ളതാണ്.[8] പക്ഷെ, അപ്രകാരം അർത്ഥം കൊടുത്ത മൗദൂദിയുടെ ചിന്താഗതിയെ തള്ളിക്കൊണ്ട് അതിന്റെ ശരിയായ വശം എന്താണെന്ന് പഠിപ്പിക്കുവാൻ ഇവർ തയ്യാറാകാത്തിടത്തോളം ഇവരുടെ ഇവ്വിഷയകമായുള്ള വാക്കുകൾ മുഖവിലക്കെടുക്കാൻ പ്രയാസമാണ്. മാത്രവുമല്ല, മൗദൂദിയുടെ ത്രിയേകാർത്ഥത്തിലെ അബദ്ധങ്ങളെ ന്യായീകരിച്ചുകൊണ്ട് പല മൗദൂദികളും വിവിധ മാധ്യമങ്ങളിലൂടെ പലവുരു കലിതുള്ളിയത് നമ്മൾ കണ്ടതാണ്. ഇബാദത്തിന് ഏതെങ്കിലും അർത്ഥം ഉദ്ദേശിക്കപ്പെടുന്നില്ലെങ്കിൽ അതാണ് സാഹചര്യത്തെളിവുകളിലൂടെയോ പ്രമാണങ്ങളിലൂടെയോ വ്യക്തമാക്കപ്പെടേണ്ടത് എന്ന അനർത്ഥഭാഷണം ജമാഅത്ത് പാളയത്തിലെ ഒരു 'ബുദ്ധിജീവി' മുഴക്കിയതും അതേ കാരണം തന്നെ.[9] നിഘണ്ടുകൾ പരിശോധിച്ചാൽ ഇബാദത്തിന് നിരവധി ഭാഷാർത്ഥങ്ങൾ കാണാം എന്നും, അതിലെ അനുസരണം, പുണ്യകർമ്മം, കീഴ്പ്പെടൽ, ഭക്തി അർപ്പിക്കൽ, വഴിപാട്, താഴ്മ പ്രകടിപ്പിക്കൽ, വണക്കം, ആരാധന, പൂജ, സേവ, പ്രീതപപ്പെടുത്തൽ തുടങ്ങിയ പതിനൊന്നോളം അർത്ഥങ്ങൾ എടുത്തുപറയുകയും, അനുസരണവും അടിമത്വവുമെല്ലാം ഇബാദത്തിന് യോജിച്ചതല്ലെന്ന് വിശദീകരിക്കുകയും, സാങ്കേതികാർത്ഥത്തിൽ ആരാധനയെന്നാണ് ഇബാദത്തിന് വിവർത്തനം ചെയ്യാൻ യോജിച്ചതെന്നും അമാനി മൗലവി(റഹി) മുമ്പേ വ്യക്തമാക്കിയിട്ടുണ്ട്. ശൈഖ് മുഹമ്മദ് കാരക്കുന്ന് തന്റെ പുസ്തകത്തിൽ ആവശ്യപ്പെട്ടതുപോലെ ഏതെങ്കിലും അർത്ഥം ഇബാദത്തിന് ഉദ്ദേശിക്കപ്പെടുന്നില്ലെങ്കിൽ അതാണ് സാഹചര്യത്തെളിവുകളിലൂടെയോ പ്രമാണങ്ങളിലൂടെയോ വ്യക്തമാക്കപ്പെടേണ്ടത് എന്നത് പരിഗണിക്കുകയാണെങ്കിൽ അമാനി മൗലവി(റഹി) ബാക്കിയുള്ള പത്തോളം അർത്ഥങ്ങൾ ഇബാദത്തിന് കൊടുക്കാൻ കഴിയില്ല എന്നതിന് തെളിവുകൾ ഉദ്ധരിക്കേണ്ടതായി വരും. മൗദൂദിയെ സംരക്ഷിക്കുന്നതിനുവേണ്ടി രംഗത്തുവന്ന ജമാഅത്തിന്റെ തൂലികാ തൊഴിലാളികളൊന്നും ഈ കർത്തവ്യം നിർവ്വഹിച്ചതായി കാണുന്നുമില്ല. എന്നിട്ടും തൂലികാ പോർവിളികളുമായി മൗദൂദിസം നിരുപാധികം മുമ്പോട്ട്!!!

ഇബാദത്തും അനുസരണവുമായി ബന്ധപ്പെട്ട് ജമാഅത്തെ ഇസ്‌ലാമി വിശ്വാസികൾക്കിടയിൽ ഏറെ ആശയക്കുഴപ്പമുണ്ടാക്കാൻ ശ്രമിച്ച സൂക്തങ്ങളിൽ ഒന്നാണ് താഴെ.

اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَاباً مِنْ دُونِ اللَّهِ وَالْمَسِيحَ ابْنَ مَرْيَمَ وَمَا أُمِرُوا إِلاَّ لِيَعْبُدُوا إِلَهاً وَاحِداً لا إِلَهَ إِلاَّ هُوَ سُبْحَانَهُ عَمَّا يُشْرِكُونَ

"തങ്ങളുടെ പണ്ഡിതൻമാരെയും, തങ്ങളുടെ പുരോഹിതൻമാരെയും അല്ലാഹുവിനു പുറമെ അവർ റബ്ബുകളാക്കി വെച്ചു. മർയമിന്റെ മകൻ മസീഹിനെയും (റബ്ബാക്കിവെച്ചു). ഒരേ ഇലാഹിനെ (ആരാധ്യനെ) ആരാധിക്കുവാനല്ലാതെ അവരോടു കൽപിക്കപ്പെട്ടിട്ടില്ല താനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധൻ!"[10]

വേദക്കാർ അവർക്കു മതനിയമ നിർമ്മാണാധികാരം വകവെച്ചു കൊടുക്കുകയും, അവർ നിർമ്മിക്കുന്ന നിയമങ്ങളെ അവർ തങ്ങളുടെ യഥാർത്ഥ മത നിയമങ്ങളായി അംഗീകരിച്ചു പോരുകയും ചെയ്തുവന്ന പ്രവണതയെ വിമർശിക്കുകയാണ് അല്ലാഹു ഇവിടെ ചെയ്യുന്നത്. എന്നാൽ, ഈ സൂക്തവും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും രാഷ്ട്രീയമായി അവതരിപ്പിക്കാനാണ് മൗദൂദിയും അനുയായികളും നാളിതുവരെ മുതിർന്നിട്ടുള്ളത്. ദൈവിക ഗ്രന്ഥത്തിന്റെ പിൻബലമില്ലാതെ, മനുഷ്യജീവിതത്തിൽ പാടുള്ളതിനും പാടില്ലാത്തതിനും പരിധികൾ നിശ്ചയിക്കുന്നവർ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്ഥാനത്ത് തങ്ങളെത്തന്നെ പ്രതിഷ്ഠിക്കയാണ് ചെയ്യുന്നതെന്നും അത്തരക്കാർക്ക് നിയമനിർമ്മാണാവകാശം അംഗീകരിച്ചുകൊടുക്കുന്നത് ഫലത്തിൽ അവരെ ദൈവമാക്കലാണെന്നും പറഞ്ഞുകൊണ്ട് രാഷട്രീയമായി ഇവർ അതിനെ പല സന്ദർഭങ്ങളിലും ദുർവ്യാഖ്യാനിച്ചിട്ടുണ്ട്. വേദക്കാർ

---

[8] പ്രബോധനം, 17 സപ്തംമ്പർ 1988, പേജ് 31

[9] ശൈഖ് മുഹമ്മദ് കാരക്കുന്ന്, ഫെയ്സ് റ്റു ഫെയ്സ്, പേജ് 154

[10] ക്വുർആൻ 9:31

തങ്ങളുടെ പണ്ഡിത പുരോഹിതൻമാരെ റബ്ബുകളാക്കി എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിന്റെ നിയമങ്ങൾക്കെതിരായി അവർ നിയമിച്ച നിയമങ്ങളെ മതനിയമങ്ങളായി ഗണിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുവെന്നതാണെന്നും, ഇതവരെ റബ്ബുകളാക്കലാണെന്നും മുജാഹിദ് പണ്ഡിതൻമാർ പ്രമാണബദ്ധമായി മുമ്പേ പഠിപ്പിച്ചിട്ടുള്ളതാണ്. തഖ്ലീദുമായി ബന്ധപ്പെട്ടുകൊണ്ട് വിശദീകരിച്ച് ഈ സൂക്തത്തിന്റെ പണ്ഡിതോചിതമായ ചർച്ച 'തഖ്ലീദ് ഒരു പഠനം' എന്ന ഗ്രന്ഥത്തിൽ നിന്നും ഇവിടെ വായനക്കാർക്കായി പകർത്തുന്നു:

"ഏതെങ്കിലും ഒരു വ്യക്തി അഭിപ്രായപ്പെടുന്നു എന്ന ഏക കാരണത്താൽ ഒരു കാര്യത്തെ മത നിയമമായി സ്വീകരിക്കുന്നതിനാണല്ലോ വ്യക്തികളെ തക്‌ലീദ് ചെയ്യൽ എന്ന് പറയുന്നത്. ഇത് ഒരിക്കലും മതത്തിൽ അനുവദനീയമല്ല. എന്തുകൊണ്ടന്നാൽ മതനിയമം നിശ്ചയിക്കുവാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും അധികാരമില്ല. അവന്റെ കൽപന മാത്രമേ മനുഷ്യൻ മത നിയമമായി അംഗീകരിക്കേണ്ടതുള്ളൂ. അവൻ തന്റെ നിയമങ്ങൾ പ്രവാചകൻ മുഖേനയാണ് ജന ങ്ങൾക്കെത്തിച്ചുകൊടുക്കുന്നത്. അതുകൊണ്ട് പ്രവാചക വചനങ്ങളും മതനിയമങ്ങൾതന്നെ. അതുകൊണ്ട് ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ച മതനിയമം ഇന്നതാണെന്ന് ആര് പറയു കയാണെങ്കിലും അതിന് തെളിവെന്തെന്ന് അറിഞ്ഞശേഷം മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. തക്‌ലീദുകാരൻ ഇതിന് വിപരീതമായാണ് പ്രവർത്തിക്കുന്നത്. അയാൾ തെളിവുകൂടാതെ തന്നെ പ്രസ്തുത വ്യക്തിയുടെ അഭിപ്രായത്തെ മതനിയമമായി സ്വീകരിക്കുന്നു. അതുകൊണ്ടാണ് തക്‌ലീദ് ഇസ്‌ലാമിക ദൃഷ്ട്യാ അനുവദനീയമല്ലാതായിത്തീരുന്നതും. എന്നാൽ ജനങ്ങൾ ഈ തത്വം പലപ്പോഴും വിസ്മരിച്ചുകളയുകയാണ് പതിവ്. അവർ തങ്ങൾക്കിഷ്ടപ്പെട്ടവരും തങ്ങൾ ബഹുമാനിക്കുന്നവരുമായ വ്യക്തികൾ എന്തെങ്കിലും പറഞ്ഞാൽ, മതപരമായ കാര്യത്തിലാ യാൽപോലും അതപ്പടി സ്വീകരിക്കുന്നു. മതത്തിന്റെ പ്രമാണങ്ങളിൽ ഇതിന് വല്ല തെളിവുമുണ്ടോ എന്നവർ ചോദിക്കുന്നത് പോകട്ടെ, അങ്ങനെ ചിന്തിക്കാൻകൂടി അവർ ധൈര്യപ്പെടുകയില്ല. മതപ്ര മാണങ്ങൾ എന്തുതന്നെയായാലും ഇത്തരക്കാർ പറയുന്നതാണ് ശരി, അവർ വലിയ കൂട്ടരാണ്, അതുകൊണ്ട് അവർ പറയുന്നത് സ്വീകരിക്കലാണ് നമ്മുടെ കടമ ഇതാണവരുടെ ചിന്താഗതി. പ്രസ്തുത ചിന്താഗതി പരമാബദ്ധമാണെന്ന് പ്രത്യേകം എടുത്തു പറയേണ്ടതില്ല. തികച്ചും അപക ടകരമായ പ്രവണതയാകുന്നു അത്. എന്തുകൊണ്ടാണ് ഒരാൾ ഒരു വ്യക്തിയുടെ അഭിപ്രായം തെളിവുകൂടാതെ മതനിയമമായി സ്വീകരിക്കുന്നത്? അയാൾക്ക് മതപരമായ നിയമങ്ങൾ നിർമി ക്കുവാൻ അധികാരമുണ്ടെന്ന നിലക്കാണോ? എങ്കിൽ അല്ലാഹുവിന്റെ പ്രത്യേകാധികാരത്തിൽ പ്രസ്തുത വ്യക്തിക്കുകൂടി പങ്ക് നൽകുകയെന്ന മഹാ അപകടത്തിലാണത് ചെന്നെത്തുക. എന്തു കൊണ്ടെന്നാൽ മതപരമായ നിയമങ്ങൾ നിശ്ചയിക്കുവാൻ അല്ലാഹുവിന് മാത്രമാണല്ലോ അധികാ രമുള്ളത്. "അതോ അവർക്ക് അല്ലാഹു അധികാരം നൽകിയിട്ടില്ലാത്ത മതനിയമങ്ങൾ നിർമ്മി ക്കുന്ന പങ്കുകാരുണ്ടോ?" (42/21) എന്ന് അല്ലാഹു ചോദിക്കുന്നത് അതുകൊണ്ടുതന്നെയാണ് അല്ലാഹുവിന് മാത്രമേ മതനിയമങ്ങൾ നിശ്ചയിക്കുവാൻ അധികാരമുള്ളൂ. എന്നാൽ ഒരു വ്യക്തിയെ തക്‌ലീദ് ചെയ്യുമ്പോൾ അത്, ഈ അധികാരം അയാൾക്കുകൂടി വകവെച്ചു കൊടുക്കലായിത്തീരുന്നു. അതായത്, അല്ലാഹുവിന്റെ പ്രത്യേകാധികാരത്തിൽ പ്രസ്തുത വ്യക്തി ക്കുകൂടി പങ്കാളിത്തം വകവെച്ചുകൊടുക്കൽ (ശിർക്ക്) ആകുന്നുവെന്ന് സാരം.

മതപരമായ വിഷയത്തിൽ വ്യക്തികളെ തക്‌ലീദ് ചെയ്യുന്നതിന് പ്രേരകമായി വർത്തിക്കുന്നത് ശിർക്ക് മനോഭാവമാണെന്നത്രെ മേൽവചനം പഠിപ്പിക്കുന്നത്. തക്‌ലീദിൽ മൂടുറച്ച് പോകും തോറും ഈ മനോഭാവം കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ കൽപനക്ക് വിരു ദ്ധമാണെന്ന് വന്നാൽപോലും ചില വ്യക്തിളുടെ അഭിപ്രായങ്ങൾ മതനിയമങ്ങളെന്ന നിലക്ക് സ്വീകരിക്കാൻ തക്‌ലീദുകാർ തയ്യാറാകാറുണ്ട്. മനുഷ്യനെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സാക്ഷാൽ രക്ഷിതാവിനു മാത്രമേ മതനിയമങ്ങൾ നിശ്ചയിക്കുവാനുള്ള യഥാർത്ഥ അധികാരമുള്ളൂ എന്ന് നാം കണ്ടുവല്ലോ. എന്നിരിക്കെ, ഒരാളുടെ അഭിപ്രായം അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായാൽ പോലും സ്വീകരിക്കുന്നുവെന്നതിനർത്ഥം അല്ലാഹുവിന് പകരം അയാളെ റബ്ബ് (രക്ഷിതാവ്) ആയി സ്വീകരിക്കുന്നുവെന്ന് തന്നെയാകുന്നു. ഈ സ്വഭാവം വെച്ചു പുലർത്തിപോന്ന പൂർവ സമുദായങ്ങളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് നോക്കുക. "അവർ തങ്ങളുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിനെ കൂടാതെയുള്ള 'റബ്ബ്'. (ര

ക്ഷിതാക്ക)ളാക്കിവെച്ചു". (9/31) ഇവിടെ അവരെ റബ്ബുകളാക്കുകയെന്ന് പറഞ്ഞത് അവരെ തക്‌ലീദ് ചെയ്യുന്നതിനെപ്പറ്റിയാകുന്നു. നബി (സ) തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഒരു ക്രിസ്ത്യാനിയായിരുന്ന അദിയ്യുബ്നുഹാതിം - നബി (സ) സദസ്സിലേക്ക് കടന്നുചെല്ലുമ്പോൾ തിരുമേനി (സ) اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَاباً مِنْ دُونِ اللَّهِ എന്ന ആയത്ത് ഓതുകയായിരുന്നു അപ്പോൾ അദ്ദേഹം പറഞ്ഞു. "പ്രവാചകരേ, ഞങ്ങൾ അവരെ (പണ്ഡിതന്മാരെയും പുരോഹിതന്മാരെയും) ആരാധിക്കാറില്ല". "അപ്പോൾ തിരുമേനി (സ) ചോദിച്ചു. അല്ലാഹു അനുവദിച്ചതിനെ അവർ നിഷി ദ്ധമാക്കുമ്പോൾ നിങ്ങളതിനെ നിഷിദ്ധമായി ഗണിക്കുകയും അല്ലാഹു നിഷിദ്ധമാക്കിയതിനെ അവർ അനുവദനീയമായി പ്രഖ്യാപിക്കുമ്പോൾ നിങ്ങളതിനെ അനുവദനീയമായി ഗണിക്കുകയും ചെയ്യാറില്ലേ?". അദ്ദേഹം പറഞ്ഞു: ഞാൻ അതെയെന്ന് സമ്മതിച്ചു. തിരുമേനി പറഞ്ഞു: അത് അവരെ ആരാധിക്കലാണ്''. മതനിയമങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം മതപുരോഹിത ന്മാർക്ക് വകവെച്ചുകൊടുത്തതിനെപ്പറ്റിയാണ് അവരെ റബ്ബുകൾ (രക്ഷിതാക്കൾ) ആക്കുകയെന്ന് പറഞ്ഞിട്ടുള്ളതെന്ന് ഈ ഹദീഥിൽ നിന്ന് തികച്ചും വ്യക്തമായല്ലോ. മതത്തിന്റെ യഥാർത്ഥ പ്രമാ ണങ്ങൾ എന്തുതന്നെ പറയട്ടെ, മതപണ്ഡിതന്മാർ പറയുന്നതാണ് സാധാരണക്കാർക്ക് പ്രമാണം എന്ന ധാരണയാണ്, അല്ലാഹുവിന്റെ കല്പനകൾക്കെതിരായാൽ പോലും പണ്ഡിതന്മാരുടെ അഭി പ്രായം സ്വീകരിക്കാൻ (തക്‌ലീദ് ചെയ്യാൻ) പ്രേരണ നൽകുന്നത്. അത് മഹാപാപമായ ശിർക്കാ യിപ്പോകുമെന്നാണ് പരിശുദ്ധ ക്വുർആൻ പറയുന്നത്. മുകളിലുദ്ധരിച്ച ക്വുർആൻ വാക്യത്തിന്റെ അവസാന ഭാഗം പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും. "അവർ പങ്ക് ചേർക്കുന്നതിൽ (ശിർക്കുവെക്കുന്നതിൽ) നിന്ന് അവൻ എത്ര പരിശുദ്ധൻ!" (9/31) എന്ന് പറഞ്ഞുകൊണ്ടത്രെ പ്രസ്തുത വചനം അവസാനിക്കുന്നത്. തക്‌ലീദ് നിഷിദ്ധമാണെന്നതിൽ ഇനിയാരെങ്കിലും സംശ യിക്കുമെന്ന് തോന്നുന്നില്ല.

മുകളിൽ സൂചിപ്പിച്ചപോലെ, മതനിയമങ്ങൾ നിർമിക്കാനുള്ള അധികാരം മതപണ്ഡിതന്മാർക്കുത ന്നെയുണ്ടെന്ന അബദ്ധധാരണയിൽ നിന്നാണ് പലപ്പോഴും തക്‌ലീദ് ജന്മമെടുക്കാറുള്ളത്. ചില പ്പോൾ ചില വ്യക്തികളോടുള്ള അമിതമായ സ്നേഹാദരവുകൾ കാരണമായും തക്‌ലീദ് ഉടലെടു ക്കാറുണ്ട്. കാരണമെന്തുതന്നെയായിരുന്നാലും തക്‌ലീദിനെ സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണ ത്തിന് മാറ്റമൊന്നുമില്ല. അല്ലാഹു പറയുന്നത് കാണുക: "ജനങ്ങളിൽ ചിലരുണ്ട്, അവർ അല്ലാഹു വിന് പുറമെ (അവന്) ചില സമന്മാരെ സ്വീകരിക്കുന്നു. അവർ ആ സമന്മാരെ അല്ലാഹുവിനെ സ്നേഹിക്കുന്നപോലെ സ്നേഹിക്കുന്നു. വിശ്വാസികളാകട്ടെ അല്ലാഹുവിനെയാകുന്നു ഏറ്റവും സ്നേഹിക്കുന്നത്". (2/165) അല്ലാഹുവിനോട് മാത്രം പ്രകടിപ്പിക്കേണ്ട തരത്തിലുള്ള സ്നേഹം മറ്റുള്ളവരോട് പ്രകടിപിക്കുവാൻ പാടില്ല. അത് അവന് സമന്മാരെ സ്വീകരിക്കലാകും. അത് ശിർക്കാകുന്നു എന്ന് വിവക്ഷ. മതനിയമങ്ങൾ നിശ്ചയിക്കുവാൻ അല്ലാഹുവിന്നേ അധികാരമുള്ളൂ എന്ന് നമുക്കറിയാം. അതിനർത്ഥം ഒരാളുടെ അഭിപ്രായത്തെ മതനിയമമായി അംഗീകരിക്കത്തക്ക നിലക്കുള്ള സ്നേഹാദരവ് അല്ലാവിനോട് മാത്രമേ പ്രകടിപ്പിക്കുവാൻ പാടുള്ളൂവെന്നാണ്. അപ്പോൾ ഒരാളോടുള്ള സ്നേഹാദരവ് കാരണമായി അയാളെ തക്‌ലീദ് ചെയ്യുന്നവൻ മുകളിൽ പറഞ്ഞ വാക്യത്തിന്റെ വെളിച്ചത്തിൽ അല്ലാഹുവിന് സമന്മാരെ സ്വീകരിക്കുകയെന്ന അപകടത്തി ലാണ് ചെന്ന് ചാടുന്നത്."[11]

മേൽസൂചിപ്പിച്ച തഖ്‌ലീദിനെ കുറിച്ച് അമാനി മൗലവി(റഹി) സൂചിപ്പിച്ചതും ഇതിനോടൊപ്പം നമ്മൾ ചേർത്തുവായിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം എഴുതി: "അന്ധമായ ഈ അനുകരണ മഹാവ്യാധി പൂർവ്വാധികം പകരുക മാത്രമല്ല സമുദായത്തിൽ ചെയ്തിരിക്കുന്നത്. ഖുർആന്റെയും ഹദീസിന്റെയും അദ്ധ്യാപനങ്ങൾക്കു എതിരാണെന്നതിരിക്കട്ടെ, കഴിഞ്ഞുപോയ ഏതെങ്കിലും ഇമാമിന്റെ വാക്കുകളിൽപോലും കാണപ്പെടാത്ത പല പുതിയ മതവിധികളും സ്വാർത്ഥമതികളായ ചില പണ്ഡിതൻമാർ -ഒറ്റക്കായും -കൂട്ടായും നിർമ്മിച്ചുണ്ടാക്കിക്കൊണ്ടിരിക്കുന്നു! ഒരു വിഭാഗം തങ്ങളുടെ ജീവിതമാർഗ്ഗം നിലനിറുത്തുന്നതിനും, ജനമദ്ധ്യേ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണിതു ചെയ്യുന്നതെങ്കിൽ, വേറൊരു വിഭാഗം,

[11] കെ.പി. മുഹമ്മദ് ബിൻ അഹ്‌മദ്, എ.പി. അബ്ദുൽ ക്വാദിർ മൗലവി, തക്‌ലീദ് ഒരു പഠനം

കാലത്തിന്റെ ഒഴുക്കനുസരിച്ച് മതസിദ്ധാന്തങ്ങളിൽ ഒരു പൊളിച്ചെഴുത്തു നടത്തി ജനസമ്മതിയും കീർത്തിയും ലക്ഷ്യമാക്കിക്കൊണ്ടാണു ചെയ്യുന്നത്."[12]

അബുൽ അഅ്‌ലാ മൗദൂദി ഒരു പരിഷ്കരണമെന്ന പേരിൽ ഇബാദത്ത് എന്ന പദത്തെ പൊളിച്ചെഴുതാൻ ശ്രമിച്ചതിനു പിന്നിലും, മൗദൂദിയുടെ അനുയായികൾ അദ്ദേഹത്തെ ഇവ്വിഷയത്തിൽ തഖ്‌ലീദ് ചെയ്യുന്നതിലുമെല്ലാം മേൽ വിശദീകരിച്ച അപകടം പ്രകടമാണ്. ഇബാദത്തും അനുസരണവുമെല്ലാം വിശദീകരിക്കുന്ന മൗദൂദികൾ പ്രമാണങ്ങൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തീർത്ഥും അനുസരണമില്ലാത്തവരാവുകയാണ് ചെയ്യുന്നത്. ജമാഅത്തിന്റെ ഈ ദുർവ്യാഖ്യാനത്തിൽ ഇവർ അനുസരിക്കുന്നത് പിശാചിനെയാണ് എന്ന് പറയുന്നതിൽ തെറ്റില്ല. പിശാചിനെയാകട്ടെ, ഇബാദത്ത് ചെയ്യരുതെന്ന് നേർക്കുനേരെ അല്ലാഹു ക്വുർആനിലൂടെ ഉണർത്തിയിട്ടുമുള്ളതാണ്. എന്നാൽ അതും ഇബാദത്തിന് അനുസരണം എന്ന അർത്ഥം സ്ഥാപിക്കാൻ ദുരുപയോഗം ചെയ്യുകയാണ് ഇവർ ചെയ്യാറുള്ളത്. പിശാചിനെ ആരും നേർക്കു നെരെ ആരാധിക്കുന്നില്ല അനുസരിക്കുന്നെയുള്ളൂ എന്നതാണ് അതിനുള്ള ഞൊണ്ടിന്യായം. അതിനുള്ള ഉചിതമായ മറുപടി കൂടി വായിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. ഡോ. ഉസ്മാൻ സാഹിബ് അതിനെകുറിച്ച് എഴുതി:

"മനുഷ്യനെ സൃഷ്ടിച്ചതോടുകൂടി തന്നെ അഹംഭാവം മൂലം ജിന്നിൽ നിന്ന് അല്ലാഹുവിനെ ധിക്കരിക്കുന്ന വിഭാഗത്തേയും മനുഷ്യരിൽ നിന്ന് അല്ലാഹുവിനെ ധിക്കരിക്കുന്ന വിഭാഗത്തെയും തമ്മിൽ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ഏറ്റവും വിപുലമായ ഒരു പരീക്ഷണവും ആരംഭിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് മനുഷ്യനെ വഴിപിഴപ്പിക്കുവാൻ എന്തെല്ലാം ചെയ്യാൻ കഴിയുമോ, അതൊക്കെ ചെയ്യുവാൻ ശപഥം ചെയ്തിട്ടുള്ള ഇബ്‌ലീസും അവന്റെ ഗോത്രക്കാരും ഓരോ മനുഷ്യനേയും നേർമാർഗത്തിൽ നിന്ന് തെറ്റിക്കാൻ അനുനിമിഷം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന് കാണാൻ കഴിയാത്ത നിലയിൽ അവന്റെ മനസിൽ പ്രേരണകളും ആശകളും മിഥ്യാബോധങ്ങളും ചെലുത്തികൊണ്ടു ബഹുഭൂരിപക്ഷം മനുഷ്യരേയും നേർമാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുകയും ചെയ്തുകൊണ്ടു പിശാച് രസിക്കുന്നു.

അല്ലാഹുവിന്റെ മാർഗത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം അല്ലാഹുവിനെ മാത്രം ആരാധിക്കുക, വേറെ യാതൊന്നിനേയും ആരാധിക്കാതിരിക്കുക എന്നതാണ്. പ്രഥമവും പ്രധാനവുമായ ഈ കാര്യത്തിൽ തന്നെ മനുഷ്യനെ തെറ്റിച്ചാൽ പിന്നെ ആ മനുഷ്യൻ മറ്റുനിലകളിൽ എത്ര നല്ലവനായിരുന്നാലും രക്ഷകിട്ടാൻ പോകുന്നില്ല. അതുകൊണ്ട് ഇബ്‌ലീസും കൂട്ടുകാരും അവരുടെ കഴിവുകൾ പ്രധാനമായും ഉപയോഗിക്കുന്നത് ആരാധനയുടെ കാര്യത്തിൽ മനുഷ്യനെ നേർമാർഗത്തിൽ നിന്നും തെറ്റിക്കുന്നതിനാകുന്നു. ബിംബങ്ങൾ, മൃഗങ്ങൾ, കല്ലുകൾ, മലകൾ, നദികൾ, സമുദ്രങ്ങൾ, സൂര്യചന്ദ്ര നക്ഷത്രാദി ഗോളങ്ങൾ, വൃക്ഷലതാദികൾ, ദേവീദേവൻമാർ, പിശാചുക്കൾ, മൂർത്തികൾ തുടങ്ങിയ വസ്തുക്കളേയും ശക്തികളേയും എല്ലാകാലത്തുമുള്ള മനുഷ്യരിൽ ഒരു വലിയ വിഭാഗം ആരാധിച്ചുപോന്നിട്ടുണ്ട്. ഇതിന് അവരെ പ്രേരിപ്പിക്കുവാനും അത്തരം ബഹുദൈവാരാധന ഒരു മഹത്തായ കാര്യമാണെന്നുള്ള മിഥ്യാബോധം അവരുടെ മനസിൽ വളർത്താനും ഈ പിശാചുക്കളുടെ വിഭാഗത്തിന് സാധിച്ചിട്ടുണ്ട്.

പാണ്ഡിത്യം കൊണ്ടും പ്രതിഭകൊണ്ടും ലോകപ്രശസ്തരായ മനുഷ്യർ പോലും അവരുടെ ആരാധനവിഷയത്തിൽ ബുദ്ധിയുടേയും വിവേകത്തിന്റേയും ലാഞ്ചനപോലും തീണ്ടിയിട്ടില്ലാത്ത ദുരൂഹമായ മാർഗങ്ങൾ സ്വീകരിക്കുന്നതും നാം കാണുന്നു. അവരുടെ വിജ്ഞാനവും ബുദ്ധിയും അവർ ചെയ്യുന്ന ആരാധനയെ ന്യായീകരിക്കുവാൻ ആവശ്യമായ സിദ്ധാന്തങ്ങളും തത്വങ്ങളും ആവിഷ്കരിക്കുവാൻ ഉപയോഗിക്കുന്നതല്ലാതെ, അവർ പ്രവർത്തിക്കുന്നത് അടിസ്ഥാനപരമായി തെറ്റോ ശരിയോ എന്ന് പരിശോധിക്കുവാൻ ഉപയോഗപ്പെടുത്തുന്നില്ല. പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഏറ്റവും ബുദ്ധിപൂർവ്വകവും ലളിതവുമായ മാർഗത്തിൽ നിന്ന് മനുഷ്യ മനസിനെ തെറ്റിച്ച് വക്രവും ദുരൂഹവുമായ

---

[12] അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ അത്തൗബഃ 31-ാം ആയത്തിന്റെ വ്യാഖ്യാനം

മാർഗത്തിലൂടെ സഞ്ചരിപ്പിക്കുവാൻ പിശാച് അവന്റെ എല്ലാ കഴിവുകളുമുപയോഗിച്ച് സ്വാധീനം ചെലുത്തുന്നു.

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാണെന്ന് അവകാശപ്പെടുന്ന മുസ്‌ലിംകളുടെ മനസുകളിൽ പോലും മരണപ്പെട്ട മഹാൻമാരായ പൂർവ്വികൻമാരെ വിളിച്ച് പ്രാർത്ഥിക്കാനും സഹായം തേടാനും പ്രേരണ നൽകുന്നത് പിശാച് തന്നെയാണ്. അത്തരം പ്രാർത്ഥനകളേയും സഹായഭ്യർത്ഥനകളേയും ന്യായീകരിക്കാൻ കച്ചകെട്ടി നടക്കുന്ന പണ്ഡിതൻമാർക്ക് ഖുർആനും നബി വചനങ്ങളും ദുർവ്യാഖ്യാനം ചെയ്യാനും ഇസ്‌ലാം മതത്തെ വളച്ചൊടിക്കാനും പ്രേരണ നൽകുന്നതും ഈ പിശാചുക്കളല്ലാതെ മറ്റാരുമല്ല. പൂർവ്വികരും ആധുനികരുമായ മനുഷ്യരെ ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് സ്വാധീനിച്ചു വഴിതെറ്റിക്കുന്ന ജോലി മുടങ്ങാതെ പിശാചു നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഖുർആൻ അറിയിക്കുന്നു "ആദ്, സമൂദു വർഗക്കാരേയും (നശിപ്പിച്ചു) അവരുടെ പാർപ്പിടങ്ങളിൽ നിന്നു നിങ്ങൾക്കതു വ്യക്തമായിരിക്കുന്നു. ശൈത്വാൻ അവരുടെ പ്രവർത്തനങ്ങളെ അവർക്കു സുന്ദരമാക്കി അവരെ നേർമാർഗത്തിൽ നിന്നും പിഴപ്പിച്ചു. അവർ വളരെ ബുദ്ധിമാൻമാരായി രുന്നുതാനും" (അൻകബൂത്ത് 29:38)

നല്ലകാഴ്ചയും തന്റേടവുമുണ്ടായിരുന്ന 'ആദ്' വർഗവും 'സമൂദ്' വർഗവും പല പദ്ധതികളും നടപ്പിലാക്കി. ലോകകാര്യങ്ങളിൽ വളരെ കാര്യപ്രാപ്തിയും ബുദ്ധി ശക്തിയുമെല്ലാ മുള്ളവരായിരുന്നു അവർ. പക്ഷെ പിശാച് അവരെ വഴിതെറ്റിച്ചു. അവരുടെ വഴിപിഴച്ച ആരാധനകളും അതുമായി ബന്ധപ്പെട്ട ദുരാചാരങ്ങളും മഹത്താണെന്ന ധാരണ പിശാച് അവരുടെ മനസുകളിലുണ്ടാക്കി. പ്രവാചകൻമാർ അവരെ ഉപദേശിച്ചു. പക്ഷെ അവരെ ഇവർ പരിഹസിച്ചുതള്ളി. സുലൈമാൻ നബി(അ)യുടെ കാലത്ത് യമനിലെ രാജ്ഞിയും ജനതയും സൂര്യനെ ആരാധിക്കുന്നവരായിരുന്നു. അത് അവരുടെ മനസുകളിൽ സുന്ദരവും മഹത്തരവുമായി പിശാചു തോന്നിപ്പിച്ചു എന്ന് ഖുർആൻ പറയുന്നുണ്ട് (നംല് 27:24). എല്ലാ കാലഘട്ടങ്ങളിലും മനുഷ്യരുടെ ഇടയിൽ അല്ലാഹു അല്ലാത്ത എന്തിനേയും ആരാധിക്കുവാനുള്ള പ്രേരണ ചെലുത്തുകയും അത് അവരുടെ മനസിൽ മഹത്തായി തോന്നിപ്പിക്കുകയും ചെയ്യുന്ന ജോലി അനുസ്യൂതം ശൈത്വാൻ നിർവ്വഹിച്ചു പോരുന്നു. എന്നു മാത്രമല്ല, അത്തരം ആരാധനകൾ സ്വീകരിക്കപ്പെടുകയും അവരുടെ രക്ഷാകർതൃത്വം ഏറ്റെടുത്തുവെന്ന് തോന്നിപ്പിക്കുകയും ചെയ്യുന്നു.

"ആദമിന് സുജൂദ് ചെയ്യുവാൻ നാം മലക്കുകളോട് കല്പിച്ചു. അവർ സുജൂദ് ചെയ്തു. ഇബ്‌ലീസ് ഒഴികെ. അവൻ ജിന്നുകളിൽപെട്ടവനായിരുന്നു. അങ്ങിനെ അവൻ അവന്റെ രക്ഷിതാവിന്റെ കല്പന ധിക്കരിച്ചു. നിങ്ങൾ എന്നെവിട്ട് അവനേയും അവന്റെ സന്താനങ്ങളേയും മിത്രങ്ങളുമായി സ്വീകരിക്കുകയാണോ? അവർ നിങ്ങൾക്കു ശത്രുക്കളാണ്. അക്രമകാരികൾക്കു പകരം ലഭിച്ചത് എത്ര ചീത്ത!" (അൽ-കഹ്ഫ് 18:50)

അക്രമകാരികളായ ബഹുദൈവാരാധകൻമാർക്ക് അല്ലാഹുവിനുപകരം ലഭിക്കുന്നത് പിശാചിനേയാണ്, അവരുടെ ആരാധന സ്വീകരിക്കുവാൻ. ഒരു വിധത്തിൽ പറഞ്ഞാൽ അല്ലാഹുവിന്നല്ലാത്ത മുഴുവൻ ആരാധനകളും പിശാചിനുള്ളതാണ്. എല്ലാ പ്രതിഷ്ഠകൾക്കും, ആരാധന സ്വീകരിക്കുന്ന, ആസ്വദിക്കുന്ന അതിൽ രസിക്കുന്ന പിശാചുക്കൾ മിത്രങ്ങളായിട്ടുണ്ടാകും. ബിംബാരാധന എന്നെന്നേക്കുമായി മക്കാപരിസരങ്ങളിൽ അവസാനിപ്പിക്കപ്പെട്ടപ്പോൾ റസൂൽ(സ) പ്രഖ്യാപിച്ചു. "നിങ്ങളുടെ ഈ നാട്ടിൽ പിശാച് ആരാധിക്കപ്പെടുന്നതിനെക്കുറിച്ചു നിരാശനായിരിക്കുന്നു...' എന്ന്.

എന്നാൽ പിശാചിനെ തന്നെ നേരിട്ടു ആരാധിക്കുന്ന രീതിയും സുലഭമാണ്. പലതരം മൂർത്തികളേയും പൂജിക്കുന്നവരുമുണ്ട്. മുസ്‌ലിം സമുദായത്തിൽ തന്നെ ഇത്തരക്കാർ ഉണ്ടെന്നുള്ളത് ഒരു സത്യം മാത്രമാണ്. പൈശാചിക കോമരങ്ങൾക്കു കോഴികളേയും ആടുകളേയും ബലിയർപ്പിക്കുന്ന ഏർപ്പാടും മുസ്‌ലിം സമുദായത്തിൽ തന്നെ കാണാം. പല

കുലദൈവങ്ങളേയും ദേവതകളേയും ആരാധിക്കുന്ന ബിംബാരാധകൻമാരെല്ലാം പിശാചിനെ തന്നെ നേരിട്ടാരാധിക്കുന്നവരാണ്. എല്ലാവരേയും ഒരുമിച്ചു കൂട്ടുന്ന ഘട്ടത്തിൽ പരലോകത്തുവെച്ച് അല്ലാഹു മലക്കുകളോടു "ഇവർ നിങ്ങളെയായിരുന്നോ ആരാധിച്ചിരുന്നത്" എന്നു ചോദിക്കുകയും "അല്ല അവർ ജിന്നുകളെയാണ് ആരാധിച്ചിരുന്നത്" എന്നു മലക്കുകൾ മറുപടി പറയുകയും ചെയ്യുമെന്ന് ഖുർആൻ പ്രസ്താവിക്കുന്നത് ശ്രദ്ധേയമാണ്.

ദേവീപൂജ നടത്തുന്നതും പിശാചിനുള്ള ആരാധനതന്നെ. "അവർ സ്ത്രീകളെയല്ലാതെ വിളിച്ചു പ്രാർത്ഥിക്കുന്നില്ല. അവർ ആട്ടപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല" (അന്നിസാഅ് 4:117). മലക്കുകളെ സ്ത്രീകളാണെന്ന് സങ്കൽപിച്ച് വിളിച്ചു പ്രാർത്ഥിക്കുന്ന ഏർപ്പാട് അന്നത്തെ അറബികളുടെ ഇടയിലുണ്ടായിരുന്നു. സ്ത്രീകളെ എന്തെങ്കിലും പറഞ്ഞ് വഞ്ചിക്കാനും സ്വാധീനിക്കാനും എളുപ്പമാണല്ലൊ. കപടാരാധനകൊണ്ട് അവരെ തൃപ്തിപ്പെടുത്തി കാര്യം നേടാമെന്നാണ് ധാരണ. ഇവിടേയും ദേവീപൂജ നടത്തുന്നതിന്റെ പിന്നിലുമുള്ള മനഃശാസ്ത്രം ഇതുതന്നെയാണ്. ഏതായാലും എല്ലാം പിശാചിനുള്ള ആരാധന തന്നെ. മനുഷ്യരുടെ ഇടയിൽ വളരെ വിപുലമായി പ്രചാരത്തിലുള്ള ഒരു ഏർപ്പാടാണ് പിശാചിനുള്ള ആരാധന എന്നത് വളരെ വ്യക്തമാണ്. അതാണ് ഖുർആനിലൂടെ അല്ലാഹു പറയുന്നത്. "ആദം സന്തതികളേ! നിങ്ങൾ പിശാചുക്കളെ ആരാധിക്കരുത് എന്ന് ഞാൻ നിങ്ങളോട് ആജ്ഞാപിച്ചില്ലേ. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ്. നിങ്ങൾ എന്നെ ആരാധിക്കുവിൻ. അതാണ് നേർമാർഗം (എന്നും കൽപിച്ചു). നിശ്ചയമായും നിങ്ങളിൽ നിന്ന് നിരവധി കൂട്ടരെ അവൻ വഴിപിഴപ്പിച്ചിരിക്കുന്നു. നിങ്ങൾ ബുദ്ധിപൂർവ്വം ചിന്തിക്കുന്നവരായിരുന്നില്ലേ" (യാസീൻ 36:60-61). ഇത് പരലോകത്ത് വെച്ച് അല്ലാഹു ചോദിക്കുന്നതാണ്. പിശാചിനുള്ള ആരാധന നേരിട്ടുള്ളതും പ്രതിഷ്ഠകൾ മുഖേനെയും ഇത്ര വിപുലമായി നടക്കുമ്പോൾ ഖുർആൻ ഇവിടെ പറയുന്നത് അത്തരം ആരാധനയെ സംബന്ധിച്ച് തന്നെയാണ് എന്ന് വെക്കുകയാണ് ബുദ്ധിപൂർവ്വകം. വേറെ അർത്ഥം ഇബാദത്തിന് പരതി നടക്കേണ്ടതില്ല."[13]

[13] ഡോ. എം. ഉസ്മാൻ സാഹിബ്, മനുഷ്യന്റെ യഥാർത്ഥ ശത്രുവിനെപ്പറ്റി, സൽസബീൽ സ്പെഷ്യൽ, 1992 ഡിസംബർ